# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *101 — 11.02.2016-ൽ മറുപടിയ്ക്ക്

## റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, വർക്കല കഹാർ<br>,, കെ.മുരളീധരൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്.<br>സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് ഹൈവേകളുടേയും, പ്രധാന ജില്ലാറോഡു കളുടെയും സമഗ്രവികസനം ലക്ഷ്യമാക്കി സർക്കാർ രൂപംകൊടുത്ത സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (SRIP) നടപ്പാക്കാനായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആണ് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരളാ ലിമിറ്റഡ് (RICKLtd.) |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യ ങ്ങളാണ് ഇത് വഴി കൈവരി ക്കാനുദ്ദേശിക്കുന്നത്; | (ബി) | വിദഗ്ധരായ കൺസൽട്ടന്റുമാർ മുഖേന തിരഞ്ഞെടുക്കപ്പെട്ട 1090 കി.മീ റോഡുകളെ ദേശീയ നിലവാരത്തിൽ വികസിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത 469 കി.മീ റോഡുകളെ റീഹാബിലിറ്റേഷൻ വിഭാഗത്തിലും, സ്ഥലം ഏറ്റെടുക്കൽ ആവശ്യമുള്ള 621 കി.മീ റോഡുകളെ അപ്ഗ്രഡേഷൻ വിഭാഗത്തിലും ഉൾപ്പെടുത്തി വികസിപ്പിക്കുവാൻ ഉദ്ദേശി ക്കുന്നു. റീഹാബിലിറ്റേഷൻ പദ്ധതി പി.പി.പി ആന്യൂറ്റി രീതിയിലും അപ്ഗ്രഡേഷൻ പദ്ധതി മറ്റു ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണ ത്തോടെ EPC രീതിയിലും നടപ്പിലാക്കു വാനാണ് വിഭാവനം ചെയ്യുന്നത്. റോഡുകൾ ദേശീയനിലവാരത്തിൽ പുനർനിർമ്മിക്കുന്ന തിന് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, പാലങ്ങൾ, കലുങ്കുകൾ, ഓടകൾ, സംരക്ഷണ ഭിത്തികൾ, നടപ്പാതകൾ എന്നിവ പണിയുക, |

റോഡുസുരക്ഷാസജ്ജീകരണങ്ങൾ ഏർപ്പെടുത്തുക, ബസ്സ് ഷെൽറ്ററുകൾ, തെരുവു വിളക്കുകൾ എന്നിവ സ്ഥാപിക്കുക, ഇതിനാവശ്യമായ ഫണ്ട് സർക്കാരിൽ നിന്നോ മറ്റ് ധനകാര്യ ഏജൻസികളിൽ നിന്നോ സ്വരൂപിക്കുക തുടങ്ങിയവയാണ് കമ്പനിയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

| | | |
|---|---|---|
| (സി) | കമ്പനിയുടെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്? | (സി) 06.12.2012-ലെ സ.ഉ.(കൈ) നം.91/12/ പൊ.മ.വ. പ്രകാരം സംസ്ഥാന റോഡു വികസന പദ്ധതിയുടെ റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി. ഇതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെട്ട 106.2 കി.മി റോഡുകൾ ഒരു പൈലറ്റ് പ്രൊജക്ട് എന്ന രീതിയിൽ വികസിപ്പിക്കുന്നതിന് 22.05.2015-ലെ സ.ഉ. (കൈ) നം.43/15/പൊ.മ.വ. പ്രകാരം അനുമതി നൽകി. 13.11.2015-ലെ സ.ഉ.(സാധാ) നം.1676/15/പൊ.മ.വ. പ്രകാരം റീഹാബിലിറ്റേഷൻ പാക്കേജ് B-യുടെ (58 കി.മീ.) ബിഡ്ഡും, 29.01.2016-ലെ സ.ഉ(സാധാ) നം.198/16/ പൊ.മ.വ. പ്രകാരം റീഹാബിലിറ്റേഷൻ പാക്കേജ് A (Modified) യുടെ (25 കി.മീ.) ബിഡ്ഡും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും, കൺസഷൻ കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ